# തിരുവനന്തപുരം ഗവൺമെന്റ് സംസ്കൃത കോളേജിൽ വച്ച് 04-05-2019 - നു നടന്ന വീഡിയോ കോൺഫറൻസിന്റെ മിനിട്ട്സ്

ബഹുമാനപ്പെട്ട കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ രാവിലെ 10.45 - ന് വീഡിയോ കോൺഫറൻസ് ആരംഭിച്ചു.

## സാന്നിദ്ധ്യം

1. ഹരിത.വി.കുമാർ.ഐ.എ.എസ്, കോളേജ് വിദ്യാഭ്യാസ ഡയറക്ടർ
2. ഡോ.പി.എസ്.അജിത, കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
3. ഡോ.ഡി.കെ.സതീഷ്, കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ

## അജൻഡ:-

യു.ജി.സി 2010 റെഗുലേഷൻ പ്രകാരം മുടങ്ങികിടന്ന അദ്ധ്യാപകരുടെ പ്ലേസ്മെന്റ്/പ്രൊമോഷനുമായി ബന്ധപ്പെട്ടുള്ള സംശയ നിവാരണം.

## തീരുമാനങ്ങൾ

1. എഫ്.ഐ.പി ഡെപ്യൂട്ടേഷൻ കാലയളവിലെ ഗ്രേഡിംഗ് കണക്കാക്കുന്നതിന് ആകെ അസസ്മെന്റ് കാലയളവിൽ ഒരു വർഷമെങ്കിലും അദ്ധ്യാപനമുണ്ടെങ്കിൽ ടി വർഷത്തെ API Score Extra Polate ചെയ്യാവുന്നതാണ്.
2. പ്ലേസ്മെന്റ് /പ്രൊമോഷനു ആവശ്യമായ ഓറിയന്റേഷൻ റിഫ്രഷർ കോഴ്സുകൾ 31-12-2018 വരെ മാൻഡേറ്ററിയല്ല.
3. ഒരു അദ്ധ്യയന വർഷം ഒന്നിലധികമുള്ള ആക്ടിവിറ്റീസിന് ഒരു സർട്ടിഫിക്കറ്റ് നല്കിയാൽ മതിയകും
4. സർട്ടിഫിക്കറ്റും മറ്റു രേഖകളും ഒരു പകർപ്പ് പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയാൽ മതിയാകും. അതിന്റെ പകർപ്പെടുത്ത് സ്വയം സാക്ഷ്യപ്പെടുത്തി ഉപയോഗിക്കാവുന്നതാണ്.
5. സ്റ്റഡി ടൂർ മാത്രമേ ഗ്രേഡിങ്ങിന് പരിഗണിക്കാനാകൂ. വിനോദയാത്രയ്ക്ക് മേൽനോട്ടം വഹിച്ചത് ഗ്രേഡിങ്ങിന് പരിഗണിക്കാനാകില്ല.
6. എയ്ഡഡ് കോളേജ് സേവനമുള്ളവർ അതാത് ഡി.ഡി യിൽ നിന്ന് സർവീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് പ്രൊപ്പോസലിനൊപ്പം സമർപ്പിക്കണം മറ്റു നടപടികൾ ഗവൺമെന്റ് കോളേജിലെ അദ്ധ്യാപകരുടെതുപ്പോലെ തന്നെ ചെയ്യേണ്ടതാണ്. മുൻപ് പ്ലേസ്മെന്റ് ലഭിച്ചിട്ടുള്ളവർ ആയതിന്റെ പകർപ്പ് ഹാജരാക്കിയാൽ മതിയാകും. തുടർന്നുള്ള പ്ലേസ്മെൻറിന് മാത്രം പ്രൊപ്പോസൽ സമർപ്പിക്കുക
7. ഒരു പ്ലേസ്മെന്റിൽ നിന്നും മറ്റൊരു പ്ലേസ്മെന്റിന് അപേക്ഷ സമർപ്പിക്കുമ്പോൾ ഓപ്ഷൻ A,B എന്നിവ മാറ്റാവുന്നതാണ്.

GOVERNMENT OF KERALA 2017-18

8. വകുപ്പ് മേധാവി തന്നെ അപേക്ഷ സമർപ്പിക്കുമ്പോൾ അപ്രൈസലിൽ പ്രിൻസിപ്പൽ മേലൊപ്പ് പതിച്ചാൽ മതിയാകും.

9. വകുപ്പ് മേധാവി അപേക്ഷിക്കുമ്പോൾ രണ്ട് വിഷയവിദഗ്ധരും പ്രിൻസിപ്പാളും ഉൾപ്പെടുന്ന സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിച്ചാൽ മതിയാകും.

10. പ്രിൻസിപ്പൽ ഇൻ ചാർജ് തന്നെ അപേക്ഷിക്കുമ്പോൾ അടുത്തുള്ള കോളേജിൽ കമ്മിറ്റി കൂടുന്നതിന് തെരഞ്ഞെടുക്കാവുന്നതാണ്.

11. വിഷയവിദഗ്ധർ ഏതു യൂണിവേഴ്സിറ്റിയുടെ കീഴിൽ നിന്നുമാകാം.

12. പ്രൊബേഷൻ ഡിക്ലറേഷന് അപേക്ഷിച്ചിട്ടുള്ളവർക്ക് പ്ലേസ്മെന്റ് പ്രൊപ്പോസൽ സമർപ്പിക്കാവുന്നതാണ്. അത്തരത്തിലുള്ളവരുടെ ലിസ്റ്റ് പ്രത്യേകം സമർപ്പിക്കുക.

13. 2016 വരെ പബ്ലിഷ് ചെയ്തിട്ടുള്ള ആർട്ടിക്കിളുകൾ ISSN, ISB No. ഉള്ളത് മതിയാകും.

14. പ്ലേസ്മെന്റ് due ആകുന്ന തീയതി വരെയുള്ള self appraisal ലഭ്യമാക്കി സമർപ്പിക്കണം.

15. ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകർക്ക് M.PEd റിലാക്സേഷന് പരിഗണിക്കുന്നതിന് യൂണിവേഴ്സിറ്റിയിൽ നിന്നും Equivalent Certificate സമർപ്പിക്കേണ്ടതാണ്.

16. CAPE, LBS തുടങ്ങിയ സെൽഫ് ഫിനാൻസിങ് കോളേജിലെ സേവനം തല്ക്കാലം പ്ലേസ്മെന്റിന് പരിഗണിക്കാനാകില്ല.

17. എ.പി.ഐ സ്കോറിംഗ് അസസ്മെന്റ് കാലയളവിലേക്ക് cummulative ആയി കണക്കാക്കും.

18. ഒരു മാസത്തിന് മുകളിൽ സേവനം ഉണ്ടെങ്കിൽ വ്യത്യസ്ത കോളേജുകളിൽ നിന്ന് അപ്രൈസൽ ലഭ്യമാക്കേണ്ടതാണ്.

19. 2010- ന് മുമ്പ് പഴയ സെൽഫ് അപ്രൈസൽ ലഭ്യമാക്കിയിട്ടുള്ളവർക്ക് ടി അപ്രൈസൽ സമർപ്പിച്ചാൽ മതിയാകും. API Scoring 18-09-2010 മുതൽ മതിയാകും

20. സേവനത്തിൽ പ്രവേശിക്കുന്നതിന് മുമ്പുള്ള പബ്ലിക്കേഷൻ പരിഗണിക്കാനാകില്ല.

21. 4 വർഷം കഴിഞ്ഞ് 6 വർഷത്തിനകം പി.എച്ച്.ഡി യോഗ്യത കരസ്ഥമാക്കിയവർക്ക് ടി യോഗ്യത കരസ്ഥമാക്കിയത് മുതൽക്ക് പ്ലേസ്മെന്റ് Ph.D യുടെ ഇളവ് അനുവദിക്കുന്നതാണ്.

GOVERNMENT OF KERALA 2017-18

22. മെഡിക്കൽ സർട്ടിഫിക്കറ്റോടുകൂടിയുള്ള ശൂന്യവേതന അവധി പ്ലേസ്മെന്റിന് പരിഗണിക്കുന്നതാണ്.

23. എം.ബി.എ, സി.എം.എ തുടങ്ങിയ അധിക യോഗ്യതകൾ റിലാക്സേഷന് പരിഗണിക്കുന്നത് സംബന്ധിച്ച് തീരുമാനം അറിയിക്കുന്നതാണ്.

24. വിരമിച്ച അദ്ധ്യാപകരെ വിഷയ വിദഗ്ദരായി തല്കാലം പരിഗണിക്കേണ്ടതില്ല.

25. പി.എച്ച്.ഡി വിദഗ്ധർക്ക് TA/DA parent കോളേജിൽ നിന്നും അനുവദിക്കാവുന്നതാണ് തിരുമാനം order ആയി തരുന്നതാണ്.

26. ഭിന്നശേഷിയുള്ള അദ്ധ്യാപകർക്ക് ഇളവനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനമറിയിക്കുന്നതാണ്.

27. Option B – തിരഞ്ഞെടുത്തിട്ടുള്ളവർക്ക് അസോസിയേറ്റ് പ്രൊഫസർമാരായി പ്ലേസ്മെന്റ് due ആയിട്ടുള്ളവർക്ക് പബ്ലിക്കേഷൻ ഒഴിവാക്കാനാകില്ല.

28. അസോസിയേറ്റ് പ്രൊഫസർമാരായി പ്ലേസ്മെന്റ് due ആയിരുന്ന് വിരമിക്കുകയും/ മരണപ്പെടുകയും ചെയ്തിട്ടുള്ള അധ്യാപകരുടെ കാര്യം പ്രത്യേകം തീരുമാനമറിയിക്കുന്നതാണ്.

29. ഷോർട്ട് ടൈം കോഴ്സ് less than one week പ്ലേസ്മെന്റിന് പരിഗണിക്കുന്നതു സംബന്ധിച്ച് തീരുമാനമറിയിക്കുന്നതാണ്.

30. ചാപ്റ്റർ പബ്ലിഷ് ചെയ്തിട്ടുള്ളത് എഡിറ്റഡ് ബുക്കായി പരിഗണിക്കുന്നതാണ്

വീഡിയോ കോൺഫറൻസ് 2.10 - ന് അവസാനിച്ചു.

ഒപ്പ്/-
ഹരിത.വി.കുമാർ.ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വി.എസ്.27.05.2019

GOVERNMENT OF KERALA 2017-18